# കേരള സംസ്ഥാന സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ,ജഗതി,തൈക്കാട് പി.ഒ,തിരുവനന്തപുരം - 695014

ഫോൺ : 0471 2468690, 2468670.

Website: www.keralacseb.kerala.gov.in, E-mail: secratery.cseb@kerala.gov.in,


## സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

### ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നേരിട്ട് കൈമാറി.

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ 15.10.2022 തീയതിയിലെ 10/2022-ാം നമ്പർ വിജ്ഞാപനപ്രകാരം 01.04.2023 ൽ നടത്തിയ ജൂനിയർ ക്ലാർക്ക് പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിയമനപ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ റാങ്ക് ഹോൾഡർമാരുടെ യോഗം 07.12.2023 ന് തിരുവനന്തപുരം ജവഹർ സഹകരണ ഭവനിൽ വിളിച്ചു ചേർക്കുകയുണ്ടായി.

യോഗത്തിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുമായി ആശയവിനിമയം നടത്തുകയും നിയമന നടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ കാര്യങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. വിവിധ സഹകരണ സ്ഥാപനങ്ങളുടെ റാങ്കുപട്ടികയിൽ ഉൾപ്പെട്ട അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ കത്തുകൾ അയച്ചു നൽകുകയുണ്ടായി. ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ റാങ്ക് ഹോൾഡർമാരുടെ യോഗം 14.12.2023 ന് എറണാകുളത്തും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ ഉദ്യോഗാർത്ഥികളുടെ യോഗം 16.12.2023 ന് കോഴിക്കോടും വിളിച്ചു ചേർത്തിട്ടുണ്ട്.

Assistant Registrar/Controller of Examinations
Co-operative Service Examination Board
Thiruvananthapuram-1